# പ്രത്യാശ

## എബ്രായർ 12:2

**"വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക."**

നോക്കുക എന്നാൽ "പതർച്ച കൂടാതെ ശ്രദ്ധ തിരിക്കുക, ഉറ്റുനോക്കുക." നമ്മുടെ ഈ ലോക ജീവിതത്തിൽ നമുക്ക് പ്രത്യാശ നഷ്ടപ്പെടുന്നുണ്ടോ? വിഷമങ്ങളും പ്രയാസങ്ങളും വരുമ്പോൾ നമ്മുടെ പ്രത്യാശക്കു ഭംഗം വരാറുണ്ടോ? പ്രിയമുള്ളവരേ യഹോവയിങ്കൽ പ്രത്യാശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ. നമ്മുടെ മാതൃക എപ്പോഴും യേശുകർത്താവു മാത്രമായിരിക്കണം. പാപികളാൽ തനിക്കു നേരിട്ട സഹനങ്ങളും, അപമാനങ്ങളും, സഹിച്ച യേശുവിനെ ധ്യാനിച്ചു കൊണ്ട് പ്രത്യാശയിൽ നമുക്ക് ഒരോ പുതിയ ദിവസവും ആരംഭിക്കുവാൻ സാധിക്കട്ടെ.

തളരാതെ മുന്നേറാൻ കുതിച്ചെഴുന്നേൽക്കുന്നവനാണ് ഒരു ദൈവപൈതൽ, നമുക്കു മുമ്പാകെ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക എന്നത് മാത്രമാണ് നമ്മുടെ ലക്ഷ്യം. ക്രിസ്തിയ ജീവിതത്തെ ഉറപ്പിച്ചു നിർത്തുന്ന ഒരു ശക്തിയാണ് പ്രത്യാശ.

എന്താണ് പ്രത്യാശ? നിറവേറും എന്ന് പ്രതീക്ഷിക്കുന്ന ഒരു ആഗ്രഹത്തെ താലോലിക്കുന്നതാണ് പ്രത്യാശ. നിറവേറ്റപ്പെടും എന്ന പ്രതീക്ഷയാണ് പ്രത്യാശ. ഉറപ്പായ ഒന്നിനു വേണ്ടിയുള്ള കാത്തിരിപ്പാണ് പ്രത്യാശ. പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് (റോമർ 8:24). അതെ, വിശ്വാസത്തിന്റെ നായകനിലേക്കു നോക്കുക, ആ നായകൻ കാണിച്ചു തന്ന മാതൃക നമ്മുടെ ഈ ലോക ജീവിതത്തിൽ ഏറ്റടുക്കുക അപ്പോൾ നമുക്ക് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള സ്വർഗ്ഗീയ മഹത്വത്തിൽ പ്രവേശിക്കാൻ കഴിയും: ഈ പ്രത്യാശ നമ്മെ നിരാശരാക്കുകയില്ല. കാരണം നമ്മുക്കു വേണ്ടി മരിച്ചു, ഉത്ഥാനം ചെയ്ത യേശുക്രിസ്തുവാണ് നമുക്ക് ഈ വാഗ്ദാനം നൽകിയിരിക്കുന്നത്.

നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവമാണ്, നമ്മൾ ഓരോരുത്തരുടെയും പ്രത്യാശയുടെ അടിസ്ഥാനം ദൈവവും അവന്റെ വചനവുമാണ്. നമ്മുടെ ഭാവിയുടെ വാതിലാണ് പ്രത്യാശ – അതിന്റെ താക്കോൽ ദൈവത്തിലുമാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രത്യാശ ഉണ്ടായിരിക്കേണ്ടത് വളരെ പ്രധാനമാണ്. പ്രത്യാശക്കു കാലതാമസം വന്നാൽ നമ്മുടെ അകമേയുള്ള മനുഷ്യൻ ദൈനം ദിനം ക്ഷയിക്കും. പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരം ആണ് എന്ന് വചനം പറയുന്നു.

പ്രത്യാശ നമുക്കു ആത്മാവിന്റെ ഒരു നങ്കൂരം തന്നേ; അതു നിശ്ചയവും സ്ഥിരവും തിരശ്ശീലെക്കകത്തേക്കു കടക്കുന്നതുമാകുന്നു. (എബ്രായർ 6:19), നമുക്ക് പ്രത്യാശ ഇല്ലായെങ്കിൽ നമ്മുടെ ആത്മാവിനു ആവശ്യമായ ഉറപ്പും ധൈര്യവും ഉണ്ടായിരിക്കുകയില്ല. പ്രത്യാശ വിശ്വാസത്തിന്റെ മുന്നോടി കൂടിയാണ്. അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുവാൻ ശക്തിയുള്ളവനാണ് നമ്മുടെ ദൈവം എന്നുള്ള പൂർണ്ണ വിശ്വാസം നമുക്ക് വേണം. വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. (എബ്രായർ 11:1). വിശ്വാസം പ്രത്യാശയെ ആശ്രയിച്ചിരിക്കുന്നു. ജീവിതത്തിൽ അന്ധകാരം നിറയുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ നമുക്ക് പ്രത്യാശ കൈവിടാതെ, വിശ്വാസത്തിൽ ക്ഷീണിക്കാതെ ആത്മീയദാഹത്തോടെ ഓടുവാനായിട്ടു സാധിക്കണം. പ്രത്യാശ മുറുകെ പിടിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഒരാൾ അഭിപ്രായപ്പെടുന്നത് ഇങ്ങനെയാണ്: "ഒരുപക്ഷേ, അവിശ്വസനീയമായി തോന്നിയേക്കാം; ഭക്ഷണമില്ലാതെയും, വെള്ളമില്ലാതെയും, വായുവില്ലാതെയും നമുക്ക് കുറച്ചു സമയം ജീവിക്കുവാനായിട്ടു സാധിക്കും എന്നാൽ പ്രത്യാശ കൂടാതെ ജീവിതം തന്നെ അസാദ്ധ്യമാണ്."

അതുകൊണ്ടാണ് പൗലോസ് അപ്പോസ്തോലൻ മൂന്നു മൗലിക സുകൃതങ്ങളായി വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയെ നിർവചിച്ചിരിക്കുന്നത്.

പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറെക്കുമാറാകട്ടെ.

ഇപ്രകാരം യേശുക്രിസ്തുവിൽ പ്രത്യാശ അർപ്പിക്കുന്നവർ ഒരിക്കലും നിരാശപ്പെടുകയില്ല. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ

**പരാമർശം:**

**സങ്കീർത്തനം 71:14**

ഞാനോ എപ്പോഴും പ്രത്യാശിക്കും; ഞാൻ മേല്ക്കുമേൽ നിന്നെ സ്തുതിക്കും.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 012**